**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2018-19 – വികസനവും അഭിവൃദ്ധിയും - പ്രാദേശിക സർക്കാരുകൾ 2017-18 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള വികസന ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 4517/2018/ധന. തീയതി, തിരുവനന്തപുരം, 26 മേയ് 2018

---

പരാമർശം. 1) സ.ഉ. (അ) നം.177/2006/ധന തീയതി: 12/04/2006
2) സ.ഉ.(അ) നം.202/2011/ധന തീയതി: 30/04/2011
3) സ.ഉ.(അ) നം.119/2015/ധന തീയതി: 21/03/2015
4) സ.ഉ.(സാധാ) നം. 3507/2018/ധന തീയതി: 19/04/2018
5) സ.ഉ.(സാധാ) നം.4259/2018/ധന തീയതി: 17/05/2018

**<u>ഉത്തരവ്</u>**

മേൽ പരാമർശം (3) പ്രകാരം പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് 3 ഗഡുക്കളായിട്ടാണ് അനുവദിച്ചു വരുന്നത്. പരാമർശം (4) ലെ ഉത്തരവ് പ്രകാരം പ്രാദേശിക സർക്കാരുകൾക്ക് 2018-19 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിന്റെ ഒന്നാം ഗഡുവായി 1753.48 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായിട്ടില്ലായെങ്കിലും ട്രഷറി ക്യൂ സിസ്റ്റത്തിലുള്ള ബില്ലുകൾ മാറുന്നതിനും സ്പിൽ ഓവർ പ്രോജെക്ടുകൾക്കുമായി ബേസിക് ഗ്രാന്റിന്റെ മൂന്നിലൊന്നു തുകയായ 484.54 കോടി രൂപ ഒന്നാം ഗഡുവായി പ്രാദേശിക സർക്കാരുകൾക്ക് പരാമർശം (5) പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് അനുവദിച്ചതിന് ശേഷവും 2017-18 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിന് അധിക ധനാനുമതി അനുവദിക്കണമെന്ന് ചില പ്രാദേശിക സർക്കാരുകൾ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രാദേശിക സർക്കാരുകളുടെ ക്യൂ സിസ്റ്റത്തിൽ നിൽക്കുന്ന ബില്ലുകളുടെ തുക സംബന്ധിച്ച് ഇൻഫർമേഷൻ കേരള മിഷൻ (IKM) വിശദമായ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത വിഷയം പരിശോധിച്ച് ചുവടെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

i. 2018-19 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള വികസന ഫണ്ടിന്റെ ഒന്നാം ഗഡു തുകയിൽ നിന്നും ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിന് സർക്കാർ അനുമതി നൽകുന്നു.

ii. ട്രഷറി ക്യൂവിലുള്ള ബില്ലുകൾ മാറുന്നതിനായി 12 ഗ്രാമ പഞ്ചായത്തുകൾക്ക് ₹57,13,381/- രൂപയും (അൻപത്തേഴ് ലക്ഷത്തി പതിമൂവായിരത്തി മുന്നൂറ്റി എൺപത്തൊന്ന് രൂപ മാത്രം) ആലുവ മുനിസിപ്പാലിറ്റിക്ക് ₹3,26,736/- രൂപയും (മൂന്ന് ലക്ഷത്തി ഇരുപത്തി ആറായിരത്തി എഴുന്നൂറ്റി മുപ്പത്തി ആറ് രൂപ മാത്രം) 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ ഗഡുവിന് പുറമെ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു. (ഒരോ പ്രാദേശിക സർക്കാരിനും ലഭിക്കുന്ന വിഹിതം അനുബന്ധത്തിൽ വിശദീകരിച്ചിട്ടുണ്ട്).

iii. ട്രഷറി ഡയറക്ടറുടെ ഡിജിറ്റൽ സിഗ്നേച്ചറോടു കൂടിയുള്ള ഈ ഉത്തരവിന്റെ പകർപ്പ് ട്രഷറി ഇൻട്രാനെറ്റ് വഴി എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

iv. ഡയറക്ടറുടെ ഡിജിറ്റൽ സിഗ്നേച്ചറോടുകൂടി ട്രഷറി ഇൻട്രാനെറ്റ് വഴി ലഭിച്ചാൽ മാത്രമേ ഇത് ഒരു അലോട്ട്മെന്റ് ലെറ്ററായി ട്രഷറി ഓഫീസർമാർ പരിഗണിക്കാൻ പാടുള്ളൂ.

v. പിൻവലിക്കേണ്ടുന്ന തുക ഏതു ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണെന്നുള്ളത് അനുബന്ധത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

vi. പ്രാദേശിക സർക്കാർ സെക്രട്ടറിമാർ / പ്രാദേശിക സർക്കാർ പദ്ധതി നിർവ്വഹണത്തിനായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ഇതിനാവശ്യമായ ഫണ്ടുകൾ പിൻവലിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യ വകുപ്പ്)**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ളിയൂ -ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-842226).

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

**അനുബന്ധം – I ഗ്രാമപഞ്ചായത്തുകൾ**

| | | | |
|---|---|---|---|
| വികസന ഫണ്ട് | | | |
| പ്രാദേശിക സർക്കാരുകളുടെ 2017-18 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവിനത്തിൽ കൊള്ളിക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | | | 3604-00-200-90-(05)-35 |
| 1 | G010704 | *പോത്തൻകോട്* | 309279 |
| 2 | G040906 | *പള്ളിപ്പാട്* | 111830 |
| 3 | G041004 | *തഴക്കര* | 114338 |
| 4 | G041105 | *ചുനക്കര* | 702946 |
| 5 | G041202 | *കാന്തല്ലൂർ* | 497069 |
| 6 | G050905 | *വാഴപ്പള്ളി* | 277100 |
| 7 | G070703 | *ഇടവനക്കാട്* | 1103770 |
| 8 | G080803 | *തളിക്കുളം* | 160719 |
| 9 | G081407 | *ഏരിയാട്* | 1242011 |
| 10 | G111106 | *ചാത്തമംഗലം* | 604157 |
| 11 | G120402 | *വേങ്ങാപ്പള്ളി* | 108728 |
| 12 | G140507 | *കിനാനൂർ കരിന്തളം* | 481434 |
| | | **ആകെ** | **5713381** |

**അനുബന്ധം – II മുനിസിപ്പാലിറ്റികൾ**

| | | | |
|---|---|---|---|
| വികസന ഫണ്ട് | | | |
| പ്രാദേശിക സർക്കാരുകളുടെ 2017-18 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചതും ക്യൂ സിസ്റ്റത്തിൽ നിലനിൽക്കുന്നതുമായ ബില്ലുകൾ മാറുന്നതിനുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | |
| നമ്പർ | പ്രാദേശിക സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവിനത്തിൽ കൊള്ളിക്കേണ്ട ഹെഡ് ഓഫ് അക്കൗണ്ട് | | | 3604-00-200-90-(02)-35 |
| 1 | M070800 | *ആലുവ* | 326736 |
| | | **ആകെ** | **326736** |

സെക്ഷൻ ഓഫീസർ.